# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1668** **04.12.2015 ൽ മറുപടിയ്ക്ക്**

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്: | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തികൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ; | (ബി) പ്രസ്തുത പ്രവർത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിക്കുന്ന റിപ്പോർട്ട് അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |
| (സി) ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. 13.11.2014 ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2, പദ്ധതികൾ മാർച്ച് 15 വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടി നല്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.<br>13-ാം ധനകാര്യ കമ്മീഷൻ കാലാവധി 2015 മാർച്ചിൽ അവസാനിച്ചെങ്കിലും ഈ വർഷത്തെ ബഡ്ജറ്റിൽ 14-ാം ധനകാര്യ കമ്മീഷന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ബാക്കി റിലീസ് ചെയ്യാനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

- കൃഷി വകുപ്പ് മുഖേന 50% സബ്സിഡിയിൽ നെൽവിത്ത് വിതരണം ചെയ്തു.
- കൃഷി വകുപ്പ് മുഖേന ഓണാട്ടുകരയിൽ ഒന്നാം നെൽകൃഷി നടപ്പാക്കി.
- കൃഷി വകുപ്പ് മുഖേന ഓണാട്ടുകരയിൽ എള്ള് കൃഷി നടപ്പാക്കി.
- കൃഷി വകുപ്പ് മുഖേന പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ തരിശു നിലങ്ങളിൽ കൃഷി ഇറക്കുന്നതിനുള്ള 3 കോടി രൂപയുടെ പദ്ധതിയും, 5.93 കോടി രൂപയുടെ സംയോജിത മൂലക പരിപാലനം, സംയോജിത കീട നിയന്ത്രണം എന്നീ പദ്ധതികളും നടപ്പാക്കി.
- അഗ്രി ക്ലിനിക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൻ കീഴിൽ കായംകുളത്ത് ഒരു അഗ്രി ക്ലിനിക് സ്ഥാപിച്ചു.
- തെങ്ങിൻ തോപ്പുകളുടെ സമഗ്ര പരിപാലനത്തിനുള്ള പദ്ധതിയിൽ കുട്ടനാട് പാക്കേജിൻ കീഴിൽ 5875 ഹെക്ടർ പ്രദേശത്തെ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ആനുകൂല്യം നല്കുകയും പമ്പ്സെറ്റ് വിതരണവും ചെയ്തിട്ടുള്ള പദ്ധതിയിൽ മാവേലിക്കര മണ്ഡലം ഉൾപ്പെടുന്നു.
- കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്ന 85 കോടി രൂപയുടെ പദ്ധതിയിൽ മാവേലിക്കര മണ്ഡലം ഉൾപ്പെടുന്നു.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ SHM മുഖേന ഫല വൃക്ഷ തൈകൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിക്കുന്നു.
- കേരള കാർഷിക സർവ്വകലാശാല മുഖേന ORARS കായംകുളം ശക്തിപ്പെടുത്തുന്നതിനുള്ള 1.19 കോടി രൂപയുടെ പദ്ധതിയും പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ 1.29 കോടി രൂപയുടെ പദ്ധതിയും പുരോഗമിക്കുന്നു.
- മൃഗസംരക്ഷണ വകുപ്പ് മുഖേന മുന്തിയ ഇനം പശുക്കളെ ഇറക്കുമതി ചെയ്യുന്നതുൾപ്പെടെയുള്ള സമഗ്ര കന്നുകാലി വികസന പദ്ധതിയിൽ മാവേലിക്കര മണ്ഡലം ഉൾപ്പെടുന്നു. പാക്കേജിന്റെ തുടർ സ്കീമിൽ 2000 പശുക്കളെ ഇറക്കുമതി ചെയ്തു, പശുക്കുട്ടികളുടെ പരിപാലനം, കൃത്രിമ ബീജ സങ്കലനം, മതിചക്ര ഏകീകരണം എന്നിവ നടത്തി. പാക്കേജിന്റെ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൻ കീഴിൽ നടപ്പാക്കി വരുന്ന 29.99 കോടി രൂപയുടെ പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ 300 എരുമകളെ ഇറക്കുമതി ചെയ്തു, അസോള കൃഷി, കന്നുകാലി വളർത്തൽ എന്നിവ ഉൾപ്പെട്ട പദ്ധതി നടപ്പാക്കിവരുന്നു.
- ഓണാട്ടുകരയിലെ 12 നീർത്തടങ്ങളിൽ വെള്ളപ്പൊക്ക നിവാരണ പദ്ധതി പുരോഗമിക്കുന്നു.
- മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൻ കീഴിൽ നടപ്പാക്കുന്ന 15.25 കോടി രൂപയുടെ കുളങ്ങളുടെയും കിണറുകളുടെയും നവീകരണ പദ്ധതിയിൽ മാവേലിക്കര മണ്ഡലം ഉൾപ്പെടുന്നു. 25.20 കോടി രൂപയുടെ കുളങ്ങളുടെയും കിണറുകളുടെയും രണ്ടാം ഘട്ട നവീകരണ പദ്ധതി പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ

85